# ഭൂമി മലയാളം



കാരൂർ സോമൻ

മലയാളത്തിൽ സംസാരിക്കണമെന്നു വിചാരിച്ചു
മലയാളം പഠിച്ചു, കചടതപ കാണാതെ പഠിച്ചു
ആദ്യമായി പ്രേമലേഖനമെഴുതി ശകുന്തളയ്ക്കു നൽകി
പക്ഷേ, അവൾക്കു മലയാളം അറിഞ്ഞു കൂടായിരുന്നു

ഇതിനെത്തുടർന്നു ഞാൻ കമ്യൂണിസ്റ്റായി
തെറ്റുകൾ പറഞ്ഞുകൊടുത്തു പഠിപ്പിച്ചു
ഏകജാലകത്തിൽ അപേക്ഷ കൊടുപ്പിച്ചു
ശകുന്തളയെ മലയാളം പഠിപ്പിക്കാൻ മുൻകൈയെടുത്തു

ഹരിശ്രീ എഴുതാൻ തുടങ്ങവേ കാട്ടിൽനിന്നു
ഋഷ്യശൃംഗൻ നാട്ടിൽ, മഴദാതാവായെത്തി
മലയാളം പഠിക്കാൻ തുടങ്ങി
അണുബോംബിനു വില പറഞ്ഞു

മലയാളം, ഭൂമി മലയാളമായി തഴച്ചു
മലയാളികൾ മലമ്പാമ്പിനെപ്പോലെ ഇഴഞ്ഞു
ആശയസംഘട്ടനത്തിന്റെ ഉരു കടലിലിറക്കവേ
മലയാളിക്കായി ഒരു പാട്ടെഴുതാൻ
ബ്രിട്നി സ്പിയേഴ്സിനെ വിളിക്കവേ
അവർ ള-യും ഴ-യും സ്ഫുടമായി പറയവേ,
എന്റെ അമ്പത്തിനാലക്ഷരത്തിൽ രണ്ടക്ഷരം കുറവ്
അതേതെന്നു തിരയവേ, ഭൂമി മലയാളം മുഴുവൻ തിരയവേ
പമേലാ ആൻഡേഴ്സൺ തൊട്ടിലോടെ വിളിച്ചു
അമ്മേ